വ്യാജത്താൽ ജ്ഞാനികളായ കൂട്ടർ
ചേരാത്ത ചേച്ചയാൽ ബന്ധിച്ചദാമ്പത്യ
കാരാഗാരത്തിൽ കല്യാണിമാരെ
മർദ്ദനംചെയ്കയാണല്ലോ നിരന്തരം
നിർദ്ദയം മാമൂലിൻമാററിത്തത്താൽ.
എത്രപവിത്രമാണാഗൃഹസ്ഥാശ്രമ-
മെത്രപവിത്രം വിവാഹബന്ധം!
ഉച്ചമാമായതിൻ നിസ്തുലാദശത്തെ
ക്കച്ചവടച്ചരക്കെന്ന മട്ടിൽ
വിക്രയംചെയ്വൂദായാദസമുദായ
മക്രമമെന്തിതിന്നീതേയുള്ളൂ!
ആവിധമുള്ളൊരവസ്ഥയാണീയിളം
പൂവിന്നകം കരളുന്നകഷ്ടം!
പ്രേമപിപാസാപയ്യാകുലമാകയാൽ
ഹാ! മരുപ്രായമവൾക്കുജന്മം.
ലൗകികദൃഷ്ടിയിലെന്നും സനാഥയെ
ന്നാകിലും തീരെയനാഥപാവം!-
താലിചാത്തിച്ച പുരുഷനിൽ പ്രശ്രയ-
ശാലിനിയാണവളേതു നാളും-
തൽപരിചയ്യയിലല്പവും തെററാതെ
തൽപരയാണവളസ്ത ശങ്കം.

# രാജാമാനവേദൻ രാജാ അവർകൾ.

(സാമൂതിരിപ്പാട്ടുന്ന്.)

[സാമൂതിരികോളേജുമാസികയുടെമാച്ച് ലക്കത്തിൽ ശ്രീമാൻ എം. പി. ശിവദാസമേനോൻ അവർകൾ എം. ഏ. എഴുതിയതിൽനിന്നെടുത്തതു്.]

ആദ്യത്തെ പബ്ളിക്ക സർവീസ് കമിഷൻ മദിരാശി വന്ന് അന്വേഷണം നടത്തിയ അവസരത്തിൽ ഇന്ത്യക്കാർ ജാത്യാ തന്നെ കാര്യപ്രാപ്തി കുറഞ്ഞവരും വിശ്വാസയോഗ്യതയില്ലാത്തവരു മാണെന്ന് അന്നത്തെ പ്രായം ചെന്ന ചില സിവിലിയൻ ഉദ്യോഗസ്ഥന്മാർ (സായിപ്പുമാർ) പറകയുണ്ടായി. അതിന്നുത്തരമായി ഉടനെതന്നെ മഹാനായ ഗോപാലകൃഷ്ണഗോഖലെ അവർകൾ സ്വഭാവസ്ഥൈര്യംകൊണ്ടും കാര്യശേഷികൊണ്ടും ചിഹ്നിതമാംവണ്ണം ജീവിതവും ഉദ്യോഗവും നടത്തുന്ന കുറെ ഉയന്നതരം ഉദ്യോഗസ്ഥന്മാരുടെ ഒരു നാമമാല നിവൃത്തികാട്ടുക ഉണ്ടായി. ആ മാന്യനാമാവലിയിലെ ആദ്യത്തെപ്പേർ രാജഃ മാനവേദൻ രാജാവിൻെറതായിരുന്നു.

നാട്ടുകാരായ ഉദ്യോഗസ്ഥന്മാരെല്ലാം മഹാന്മാരും ഗുണവാന്മാരുമാണെന്നാണ് ഗോഖലയുടെ വിവക്ഷയെങ്കിൽ അങ്ങിനെയൊരു പട്ടിക തിരഞ്ഞുണ്ടാക്കേണ്ടിയിരുന്നില്ലല്ലോ. അദ്ദേഹത്തിൻെറ ആന്തരം വാസ്തവത്തിൽ ഇതാകുന്നു. അപ്പോഴത്തെ വാദത്തിൽപ്പെട്ട സംഗതി ജാതിസംബന്ധമായിട്ടുള്ള ഒന്നല്ല; നല്ല കാര്യപ്രാപ്തിയും സ്വഭാവസ്ഥൈര്യവുമുള്ള ആളുകൾ ഇംഗ്ലണ്ടിലുള്ളതുപോലെ തന്നെ ഇന്ത്യയിലുമുണ്ട്; പരിതസ്ഥിതി അനുകൂലമാണെങ്കിൽ അങ്ങിനെയുള്ളവർ ഉൽകൃഷ്ടമായ ഉദ്യോഗങ്ങളേ ഉൽകൃഷ്ടമാംവണ്ണം ഭരിക്കുമെന്നു വിശ്വസിക്കാം; കുറെ ഭേദക്കാരായ ആംഗ്ലോസാക്സൺ ജാതിക്കാരെ ലോകത്തിലാകപ്പാടെ ഇത്ര വലിയൊരുശക്തിയാക്കിത്തീത്തിട്ടുള്ള ആ ജ്ഞാനശക്തിയും മാനനിഷ്ഠയും ഈ നാട്ടുകാരും പ്രദശിപ്പിക്കയും ചെയ്യും എന്നൊക്കെയാണ് അദ്ദേഹത്തിൻെറ വിവക്ഷ. ഈ അത്ഥത്തിൽ നോക്കുമ്പോൾ ഗോഖലെ അന്നു പറഞ്ഞ വാക്ക് കേവലം ഒരു "ഭംഗി" പറയൽ അല്ല, വളരെ പ്രസ്പഷ്ടമായിട്ടുള്ളൊരു ഗുണശ്ലാഘ തന്നെയാകുന്നു എന്നു മാത്രമല്ല അതികൎശ്കങ്ങളായ സർവ്വീസ്സു നിയമങ്ങളുടെ ബന്ധനത്തിൽപ്പെട്ടു തനിക്കിഷ്ടംപോലെ ലോകഹിതം ചെയ്വാൻ സാധിക്കാതെ വലയുന്ന ഒരാളെപ്പററി മര്യാദക്കുള്ളൊരു അനുമോദനവുമാകുന്നു.

ഗോഖലെ വെറുതെ സേവക്കു വേണ്ടി വല്ലതും പറഞ്ഞുനടത്തുന്ന ഒരാളായിരുന്നില്ല. സത്യത്തിൻെറ കാര്യം വരുമ്പോൾ

അദ്ദേഹത്തിന്നു മുഖം നോക്കായ്ക കുറെ ഏറെത്തന്നേയാണ്. മനുഷ്യരെപ്പററി ഗുണദോഷം പറയുമ്പോൾ അദ്ദേഹത്തിനു ദയയില്ലായ്കയും കുറെ ഏറേയാണ്. അദ്ദേഹം ഇക്കായ്യത്തിൽ പറഞ്ഞിട്ടുള്ളതു ലവലേശം അധികമായിട്ടില്ലെന്നു സാമൂതിരിപ്പാടു തമ്പുരാൻ അവർകളെ അറിയുവാൻ സംഗതിവന്നിട്ടുള്ളവരെല്ലാം വേഗത്തിൽ സമ്മതിക്കയും ചെയ്യും. ഞങ്ങളുടെ കായ്യം പറകയാണെങ്കിൽ ഇത്ര ദോഷം കുറഞ്ഞിട്ടും വൈശിഷ്യമേറീട്ടുമുള്ളൊരു ജീവിതത്തെപ്പററി വല്ല ഗുണദോഷവും പറയുന്നതു തന്നെ ഞങ്ങളുടെ ഒരു കഥയില്ലായ്മയായിത്തീരുന്നതുമാണ്. അതുകൊണ്ടു ഞങ്ങളിവിടെച്ചെയ്യുവാൻ ഭാവിക്കുന്നതു തമ്പുരാനവർകളുടെ ബഹുമുഖവും രസകരവുമായ ചരിത്രത്തിൻെറ കുറെ അപൂണ്ണമായ ഒരു വിവരം കൊടുക്കുക മാത്രമാകുന്നു.

ക്രിസ്താബ്ദം 1855-ാമാണ്ടു വഷാരംഭദിവസം കോട്ടക്കൽവെച്ചാണ് തമ്പുരാൻ ജനിച്ചത്. ചെറുപ്പത്തിൽത്തന്നെ അവിടുത്തെ വിദ്യാഭ്യാസത്തിനായി യോഗ്യരായ ഗുരുനാഥന്മാരുടെ വശം ഏല്പിക്കുകയും അവർ അവിടുത്തെ പഴയ മട്ടിൽ സംസ്കൃതവും മലയാളവും കുറെ അഭ്യസിപ്പിക്കയും ചെയ്തു. അതിൻെറ ശേഷം കോവിലകത്തുതന്നെ വെച്ചു അവിടുത്തെ കുറെ ഇംഗ്ലീഷും പഠിപ്പിച്ചു. അതിൻെറ ശേഷമാണ് കോഴിക്കോട്ടു വന്നു സ്കൂൾ പഠിപ്പുതുടങ്ങിയത്. ഇവിടെവെച്ചു മട്രിക്കുലേഷൻ പാസ്സായതിൻെറ ശേഷം എഫ്. എ.—ക്കു പഠിക്കുവാൻ വേണ്ടി കുംഭകോണം കോളേജിൽ ചെന്നുചേന്നു. പിന്നെ അവിടെനിന്നു മദിരാശിക്കും പോയി. പ്രസിഡൻസി കോളേജിൽ പഠിക്കുന്ന കാലത്ത് അവിടേക്ക് എൽഫിൻസ്റ്റൺ സ്കോളർഷിപ്പു കിട്ടീട്ടുണ്ടായിരുന്നു. അവിടെവെച്ചാണ് ബി. എ. പാസ്സായതു്. പഠിപ്പുകഴിഞ്ഞു തറവാട്ടിൽ മടങ്ങി എത്തിയ ഉടനെ സാധാരണ ചെറുപ്പക്കാരായ തമ്പുരാക്കന്മാരെപ്പോലെ യാതൊരു പ്രവൃത്തിയുമില്ലാതെ മടിയനായി കാലം കഴിക്കുന്നതു യുക്തമല്ലെന്ന് അവിടുന്നു നിശ്ചയിക്കുകയും നേരെവന്നീ (സാമൂതിരി) കോളേജിലെ അദ്ധ്യാപകന്മാരുടെ കൂട്ടത്തിൽ ചേരുകയുംചെയ്തു. അന്നീ കോളേജിന്നു കേരളവിദ്യാശാല എന്നായിരുന്നു പേർ. ഈ രാജസ്വരൂപത്തിലെ മെമ്പ്രമാരുടെ കൂട്ടത്തിൽനിന്നു ആദ്യം ലോകസേവക്കു തുനിഞ്ഞു പുറപ്പെട്ട ആൾ അവിടുന്നായിരുന്നു. 1880-ൽ അവിടുന്നു അദ്ധ്യാപകപ്രവൃത്തിവിട്ടു സ്റ്റാററ്യൂട്ടറി സിവിൽ സവ്വീസ്സിൽ ഒരുദ്യോഗം സ്വീകരിച്ചു. ആദ്യം അവിടുത്തെ തെക്കൻ കർണ്ണാടകത്തിൽ ഒരു അസിസ്റ്റാൻറു കലക്ടരായിട്ടാണ് നിശ്ചയിച്ചതു്. ആ സവ്വീസ്സിലേക്കാദ്യം തിരഞ്ഞെടുത്തതവിടുത്തെയാണ്. പിന്നീട് അതിൽ വേറെയും യോഗ്യന്മാർ പലരുമുണ്ടായി. എന്നാൽ ഇപ്പോൾ ആ കൂട്ടത്തിൽ അവിടുന്നുമാത്രമെ ജീവിച്ചിരിക്കുന്നുള്ളു. കലക്ടരും ഡിസ്ത്രിക്റ്റ് മജിസ്ത്രേട്ടുമായി അവിടുന്നുപല ജില്ലകളിലും

ഇരുന്നിട്ടുണ്ട്. റവന്യൂ വകുപ്പിൽ അവിട്ടന്നാകെ ഒരു പതിന്നാലുകൊല്ലമാണിരുന്നിരിക്കുന്നതു്. 1896ൽ അവിടുത്തെ വടക്കൻ ആർക്കാട്ടിൽ ഡിസ്ത്രിക്ട് ജഡ്ജിയായി നിശ്ചയിച്ചു. ഈ ഉദ്യോഗത്തിൽ അവിടെത്തന്നെ യാതൊരു മുടക്കവുംകൂടാതെ ഏകദേശം ഒരു പതിനഞ്ചുകൊല്ലം അവിട്ടന്നിരിക്കയുംചെയ്തു. ഇതു് സർവീസ്സുകാരുടെകൂട്ടത്തിൽ അത്ഭുതപൂർവ്വമായിട്ടുള്ളൊരു സംഗതിയാകുന്നു. 1911-ൽ അവിടുന്നു് ഉദ്യോഗത്തിൽനിന്നു പെൻഷൻ വാങ്ങിപ്പിരിയുകയുംചെയ്തു.

അതിന്നുശേഷം അവിടുന്നുതൻെറ കോവിലകം കാര്യംകയ്യേററു. കുറെക്കാലമായി ആ കോവിലകത്തിൻെറ കാര്യം വളരെ പരുങ്ങലിലായിരുന്നു. വളരെപ്പരന്നും അവിടവിടെയായും കിടക്കുന്ന ഭൂസ്വത്തിൻെറ ഭരണകാര്യം മലബാറിലെ ഭൂമിയുടമസ്ഥന്മാൎക്ക് അത്യന്തം ബുദ്ധിമുട്ടുള്ളതാകുന്നു. കുടിയാന്മാരുടെ ഉപേക്ഷ, കാര്യസ്ഥന്മാരുടെ അവിശ്വാസ്യത, സാർവ്വത്രികമായ വ്യവഹാരം ഇതുകളെക്കൊണ്ടുതന്നെ വരവുള്ളതെല്ലാം ചിലവായിക്കഴിയും. പഴകി ത്തുരുമ്പുപിടിച്ചതും അധികം ചിലവുള്ളതുമായ ചിട്ടകളെക്കൊണ്ടീവക ദോഷത്തിന്ന കുറെക്കൂടി മൂർച്ഛയുംകൂട്ടും. അതുകൊണ്ട് പുതിയ രീതിയിൽ നല്ല നിഷ്കൎഷമുള്ളൊരു മാനേജ്മെൻറു മാത്രമെ അതിനൊരു പ്രതിവിധിയുള്ളു. ഈ നിലയിലാണ് തമ്പുരാനവർകൾ ആ ഭാരം കയ്യേററു നല്ല ചിട്ടയിലും തോതിലും കാര്യം നോക്കിത്തുടങ്ങിയതു്. അവിടുത്തെ വാസനകൊണ്ടവിടുന്ന് കേടിന്ന ദിക്കിലാണെന്നു വേഗം കണ്ടുപിടിച്ചു പ്രതിവിധിചെയ്തു തുടങ്ങി. അനാവശ്യമായി ഇടയിൽ കടന്നുചാടുന്ന ദുസ്സാമൎത്ഥ്യക്കാരെയെല്ലാം ഒന്നായി അകററിക്കളഞ്ഞു. സേവപറയുന്ന സമ്പ്രദായം തീരെനിറുത്തി. എല്ലാവരും തങ്ങളുടെ കാൎയ്യങ്ങളെല്ലാം രേഖാമൂലം അറിയിച്ചു കൊള്ളണമെന്നുവെച്ചു. സകല കാൎയ്യവും അതാതിൻെറ ലക്ഷ്യങ്ങളെല്ലാം നോക്കി തീൎച്ചപ്പെടുത്തുകയെന്നും വെച്ചു. കുടിയാന്മാർ കോവിലകത്തിൻെറ പടിക്കൽച്ചെന്നുഭജിച്ചു തങ്ങളെയും കോവിലകത്തേയും ഒരുപോലെ നഷ്ടപ്പെടുത്തുന്ന കാൎയ്യസ്ഥന്മാരുടെ സേവകൾ നില്ക്കുകയെന്നുള്ള സമ്പ്രദായംമേലിൽ ആവശ്യമില്ലെന്നും വന്നു. അതുകൊണ്ടെല്ലാമുള്ള ഫലം വേഗത്തിൽ പ്രത്യക്ഷമായി. ബാക്കിയെല്ലാം പിരിഞ്ഞു. കണക്കെല്ലാം വൃത്തിയായി. ലക്ഷക്കണക്കായിപ്പണം മുതൽ കൂട്ടുവാനും ജനോപകാരമായ ഏൎപ്പാടുകളിൽ വിനിയോഗിപ്പിക്കുവാനും തരമാവുകയുംചെയ്തു. കോട്ടക്കൽ വിശേഷമായൊരു കെട്ടിടം നിൎമ്മിച്ചിട്ടതിലൊരു ഹൈസ്കൂൾ സ്ഥാപിപ്പാനും 1921-ലെ മാപ്പിള ലഹളക്കാലത്തു് ദിവസംപ്രതി ആയിരക്കണക്കായി നാലു മാസത്തോളം സാധുക്കളെപ്പോററി രക്ഷിക്കുവാനും ആ കോവിലകത്തിന്നു സാധിച്ചതുതന്നെ അക്കാലത്തുണ്ടായ പുഷ്ടിയുടെ നല്ലൊരുതെളിവാകുന്നു. കുറെക്കാലമായിട്ടിങ്ങിനെയൊന്നും അവിടെ കാണുമാറു പതിവുണ്ടായിരുന്നില്ല. ഈയ്യി

ടെ കുറച്ചുകാലമായി തറവാട്ടു ഭരണത്തിന്നു തൻെറദേഹത്തിന്നു ശേഷിയില്ലെന്നു കണ്ടു തമ്പുരാനവർകൾ അതിൽ നിന്നൊഴിഞ്ഞു ഫറൂക്കിന്നടുത്തു നല്ലൂരുള്ള തൻെറ ആശ്രമത്തിൽ വന്നു തൻെറ സന്താനങ്ങളും പുസ്തകങ്ങളും ആയി വിശ്രമിക്കുകയുമായിരുന്നു.

തമ്പുരാനവർകൾ തൻെറ ജീവകാലം മുഴുവൻ നല്ലൊരു പുസ്തകപരിശീലനക്കാരനായിത്തന്നെയാണ് നയിച്ചിരിക്കുന്നത്. അവിടുത്തെഅഭിരുചി വിസ്താരമേറിയതും പക്ഷഭേദംകുറഞ്ഞിട്ടുള്ളതുമാകുന്നു. സാഹിത്യവിഷയത്തിൽ അവിടെക്ക് കാലഭേദമൊ, തരഭേദമൊ വിഷയഭേദമൊ ഒന്നുമില്ല. പഴയ ഉത്തമകാവ്യങ്ങളും പുതിയ രീതിയിലുള്ളവയും അവിടെക്ക് ഒരു പോലെ പിടുത്തമാണ്.സാഹിത്യത്തിൻെറയും സമുദായകാൎയ്യങ്ങളുടെയും രാഷ്ട്രീയ കാൎയ്യങ്ങളുടെയും നൂതനമായുള്ള ഗതികളുമായി അവിടെക്ക് നല്ല പരിചയമുണ്ടു്. ഫ്രാൻസ്, ജൎമ്മനി മുതലായ യൂറോപ്യൻ നാടുകളിലെ സാഹിത്യകാരന്മാരുടെ അഭിപ്രായങ്ങളും അവിടെക്കു വിശദമായി അറിയാം. ഇതിൻെറ എല്ലാം ഫലമായി അവിടുത്തെ ബുദ്ധിക്കെന്തെന്നില്ലാത്ത ഒരു നവീനത വന്നു വശമായിട്ടുണ്ടു്. ഏതു തരക്കാരെക്കണ്ടാലും ഏതൊരഭിപ്രായം കേട്ടാലും അവിടെക്കു ക്ഷമിക്കുവാൻ വയ്യായ്ക ഇല്ല. നാനാഭാഗത്തുനിന്നും അടിച്ചുകയറുന്ന ചിന്താപവനൻെറ പാവനശക്തിക്കനുസരിച്ചു യാതൊരു ക്ലേശവും കൂടാതെ മനുഷ്യരുടെ ഇടക്കു കഴിച്ചുകൂട്ടത്തക്ക ഒരു ബുദ്ധിവിസ്താരത്തിൻെറ ഫലമാണല്ലൊ ഇത്. വാൎദ്ധക്യത്താൽ വല്ല ശുഷ്കതയാകട്ടെ, ക്ഷീണമാകട്ടെ, വൈരാഗ്യമാകട്ടെ, നൈരാശ്യമാകട്ടെ ഇങ്ങിനെയുള്ളൊരു പ്രകൃതിയെച്ചെന്നു പിടികൂടുന്നതേ അല്ല. ഈ ഒരു മുഖ്യ ഗുണം അവിടുത്തെ അറിയുന്നവരാരും കാണാതിരിക്കയുമില്ല. നിരന്തരാഭ്യാസലബ്ധമായിട്ടുള്ളൊരു സമീക്ഷ്യകാരിത്വത്തിന്നു പുറമെ ജന്മസിദ്ധമായുള്ളൊരു മനസ്ഥിതയും അനന്യസുലഭമായൊരു മന്ദഹാസവും അവിടെക്കുണ്ടു്. അടുത്തുചെന്നു സംസാരിപ്പാൻ തുടങ്ങിയാൽ നേരംപോക്ക് ധാരാളം പറയും. ഫലനക്ഷയമൊട്ടുവരികയുമില്ല. യഥാൎത്ഥത്തിലുള്ള ആത്മാഭിമാനികൾക്കെല്ലാം തോന്നുംപോലെ അവിടേക്കും മററുള്ളവൎക്കാത്മാഭിമാനമുണ്ടായിക്കാണുന്നതാണ് രസം. ആത്മാവിന്നവമാനമാകത്തക്ക താഴ്മയൊന്നും നടിക്കുന്നതവിടേക്കു രസവുമല്ല. ഓരോ അഭിപ്രായങ്ങളവിടുന്നുറപ്പിച്ചുവെച്ചിട്ടുണ്ടു്. അതെല്ലാം അവിടുന്നു നിസ്സംശയം പുറത്തുപറയുകയും ചെയ്യും. മലയാളം സംസാരിക്കുകയാണെങ്കിൽ സാധാരണക്കാരുടെ പതിവുപോലെ സങ്കോചസൂചകമായ നമ്പൂരിസ്സംശയമൊന്നും അവിടേക്കു പതിവില്ല. ഇംഗ്ലീഷാണെങ്കിൽ വളരെ സരളമായും ഓജസ്സോടുകൂടിയും, രസികത്തഭ്രമമൊ ഉപദേശഛായയൊ മററുവല്ല പൊട്ടപ്പൊതൊങ്ങലൊ ലേശം കൂടാതെ നല്ല ഗൗരവത്തോടുകൂടിയും സംസാരിക്കും. അഭിപ്രാ

യങ്ങൾക്കെല്ലാം ആരും കരുതാത്ത ഒരു പുതുക്കമുണ്ടായിരിക്കുകയും ചെയ്യും. സംസ്കൃതം നല്ലവണ്ണം പഠിച്ചിട്ടുണ്ടെങ്കിലും അവിടേക്ക് ആധുനികരീതിയിലുള്ള വിദ്യാഭ്യാസത്തിലാണധികം വിശ്വാസവും മോഹവുമുള്ളത്. ഇതുകൊണ്ടവിടേക്കു പണ്ടത്തെ ആര്യപരിഷ്കാരത്തിൻെറ നേരെ പുച്ഛമാണെന്നു വരുന്നില്ല. അതുകൊണ്ട് നമുക്കുള്ള തൽക്കാലൊപയോഗത്തെപ്പററി കുറെ സംശയമാണെന്നേ വരുന്നുള്ളു. ഇപ്പോൾ നടപ്പിലിരിക്കുന്ന ഹിന്തുമതത്തിൻെറ നേരെ അവിടേക്കു വലിയ ബഹുമാനമൊന്നുമില്ല. മനശ്ശുദ്ധിയുടെ കാര്യത്തിൽ യാതൊരു നിഷ്കൎഷയും ചെയ്യാതെയും അതുണ്ടാക്കാതെയുമിരിക്കുന്ന നമ്മുടെ ഇപ്പോഴത്തെ ആരാധനക്രമത്തെപ്പററി അവിടേക്കു വലിയ വെറുപ്പാണുള്ളതു. ചില സംഗതികളിൽ അവിടേക്കു ബുദ്ധമതത്തിലാണധികം വിശ്വാസം. നമ്മുടെ കൂട്ടത്തിലധികം പേരും നമുക്കു കിട്ടീട്ടുള്ള വിദ്യാഭ്യാസത്തെ അവമാനിക്കുകയാണ് ചെയ്യുന്നതു്. എന്തെന്നാൽ തത്വജ്ഞാനത്തെപ്പററി പറയുമ്പോൾ വലിയ ന്യായങ്ങളും സിദ്ധാന്തങ്ങളുമൊക്കെ നാം എടുത്തു വിളമ്പുമെങ്കിലും ആചാരത്തിൽ തുച്ഛതകൊണ്ടതെല്ലാം നിഷേധിക്കുവാൻ നമുക്കു യാതൊരു പ്രയാസവുമില്ല. എന്നാൽ തങ്ങൾക്കാലോചിക്കുവാൻ വെക്കുന്ന കാലത്തീവക വിഷയങ്ങളെപ്പററിയെല്ലാം യാതൊരു പതച്ചയും കൂടാതെ ആലോചിച്ചു കണ്ണു തെളിഞ്ഞിട്ടുള്ള ദുല്ലഭം ചിലരുണ്ട്. തമ്പുരാൻ ആ കൂട്ടത്തിലൊരാളാകുന്നു. മതമെന്നു വെച്ചാൽ ജീവിതത്തിൻെറ അത്യുത്തമമായിട്ടുള്ളൊരു ക്രമീകരണമെന്നല്ലാതെ വലിയൊരു ക്ലേശമായിട്ടൊ പൂർവ്വാപരവിരുദ്ധമായിട്ടുള്ളൊരു കാര്യമായിട്ടൊ ആക്കും മനസ്സിലാവാത്ത ഒരു കാര്യമായിട്ടൊ അവിടെക്കൊരിക്കലും തോന്നീട്ടുമില്ല. ഇതുപോലെ തന്നെ പോക്കുവിളിാഷയയിലുള്ളൊരു അഭിപ്രായമാണിവിടേക്കു സാമുദായിക കാര്യങ്ങളിലും രാഷ്ട്രീയകാര്യങ്ങളിലും ഉള്ളത്. ഇന്ത്യയിലെ ആധുനിക പ്രസ്ഥാനങ്ങളുടെ നേതാക്കന്മാരായ ശുദ്ധമനൊരാജ്യക്കാരുടെ മേൽ അവിടേക്കുവലിയ വിശ്വാസക്കേടാകുന്നു. പണ്ടത്തെ ചരിത്രത്തെയും വിശേഷിച്ച് ഇപ്പോഴത്തെ അനുഭവങ്ങളേയും അവർ വിസ്മരിക്കുകയും മറച്ചുവെക്കുകയും ചെയ്യുന്നുണ്ടെന്നാണവിടുത്തെ വിശ്വാസം. കോൺഗ്രസ്സിൻെറ മേൽത്തെന്ന അവിടേക്കു വലിയ വിശ്വാസമൊന്നുമില്ല. "എനിക്കു ഗാന്ധിപ്രസ്ഥാനത്തോടു യാതൊരനുകമ്പയുമില്ല. ആയാളെ യാതൊരു ബഹുമാനവുമില്ല" എന്നവിടുന്നൊരിക്കൽ പറയുകതന്നെയുണ്ടായി. ഇങ്ങിനെ വല്ലതും തുറന്നു പറയുവാനുള്ള ധൈര്യം തന്നെ നന്നേകുറച്ചാളുകൾക്കെ ഉള്ളു. ഇത് വെറും ഒരു സാഹസാഭിപ്രായമല്ല. നല്ലവണ്ണമാലോചിച്ചിട്ടുണ്ടായൊരു സിദ്ധാന്തവും, കാര്യംമുഴവൻ നല്ലവണ്ണം ഗ്രഹിച്ചിട്ടുണ്ടായൊരു ഫലവുമാകുന്നു. അസാമാന്യമാണെന്നുള്ളൊരു സംഗതികൊണ്ടു മാത്രം യാതൊരു കാര്യത്തിലും അവിടെക്കു

ഭ്രമംതോന്നമാറില്ല. യാതൊരു അടിസ്ഥാനവുംകൂടാതെ ശുദ്ധഭ്രാന്തിൻെറ ഛായയിലുള്ളതൊന്നും വിശ്വസിക്കാതിരിക്കുന്നതു അവിടുത്തെ ഒരു വിശിഷ്ടഗുണമാകുന്നു. അവിടുന്നു ലോകപരിചയമുള്ള ഒരാളാണ്. നല്ല ധമ്മവിശ്വാസവും അവിടേക്കുണ്ട്. അതുകൊണ്ട് ലോകത്തിലെ വല്ല ദോഷവും കാണുമ്പോഴേക്കും അവിടേക്കു ബുദ്ധിമട്ടത്തുപോകയില്ല. ഒടുവിൽ ഗുണംവരുമെന്നുള്ള വിശ്വാസം അവിടേക്ക് എന്നുമുണ്ട്. ഒരു രാഷ്ട്രസംഘടനമെന്നുവെച്ചാൽ അതിന്ന അപാരമായ സത്യനിഷ്ഠയും അപരിമിതമായ കഠിനാദ്ധ്വാനവുംകൂടാതെ കഴികയില്ലെന്നും അക്കാര്യത്തിൽ ഒരുതലമുറയിലുള്ള ജനങ്ങൾമാത്രം വെറുതെയിരുന്നത്യാശയൊടെ ഈശ്വരഭജനയും ഘോഷയാത്രയും നടത്തുന്നതുകൊണ്ടു ഒരു ഫലവുമാവുകയില്ലെന്നും വിചാരിക്കുന്ന കൂട്ടത്തിലാണു താനും അവിടുന്ന്.

ആകപ്പാടെ ഇത്രസ്ഥിരനിശ്ചയവും കമ്മശക്തിയുമുണ്ടായിട്ടും അത്ഥമില്ലാത്ത മാമൂലിനെ ഇത്ര വിലവെക്കാതെയും ജീവിതത്തിൽ ഇത്ര ദോഷമില്ലാതെയും ഇതുപോലെ മററൊരാളെ തെക്കേ ഇന്ത്യയിൽ കാണുവാൻ പ്രയാസമാകുന്നു. ഇപ്പോഴത്തെ ചെറുപ്പക്കാരിൽ മിക്കപേരെക്കാട്ടിലും ആലോചനയിൽ യൗവനമുള്ളരോളെ പ്രായമെറിയ ജനങ്ങളുടെ കൂട്ടത്തിൽ കാണുന്നതുതന്നെ എത്രയും ധൈര്യപ്രദമായിട്ടുള്ളൊരു സംഗതിയാകുന്നു. അവിടേക്കു സാമൂതിരിസ്ഥാനം കിട്ടിയതൊട്ടുകൂടി മലബാറിലുള്ള കുടിയാന്മാക്കെല്ലാം വലിയൊരു മോഹം കടന്നുകൂടിയിരിക്കുന്നു. സാമൂതിരികോവിലകം കാര്യമെല്ലാം ഇനി നല്ല ചിട്ടയിൽ നടക്കുമെന്ന് അങ്ങാടിയിലും നാട്ടുപുറങ്ങളിലുമുള്ള സാധുക്കൾകൂടി അന്യോന്യംപറഞ്ഞു രസിക്കുന്നതുമുണ്ട്. ഏതായാലും നമ്മുടെ കോളേജിന്ന് അവിടുത്തെ സഹായംകൊണ്ടു പല ഗുണങ്ങളും അനുഭവിക്കുമാറാകുമെന്നതിന്നു യാതൊരു സംശയവും ഇല്ല. അതുകൊണ്ടു രാജാവും ഒരു യഥാത്ഥവിദ്വാനമായ അവിടേക്കു ദീർഘമായ ആയുരാരോഗ്യസൗഖ്യത്തെ നൽകുവാനായി നമുക്കീശ്വരനെ പ്രാത്ഥിക്കുക.

കെ. സി. വീരരായൻരാജാ

ബി. എ; എൽ. ടി.

(തജ്ജിമക്കാരൻ.)

# A Peep into the Rebel Area.

BY

E. Gopalan Nair, VI FORM.

Country life always has had a great fascination for me. An intimate friend of mine had often asked me to pay him a visit at his place in an out-of the-way village. As soon as the college closed for Christmas a great longing seized on me to avail myself of this invitation. We took a convenient train and alighted at an unimportant way-side station along the coast line. At a very small distance from the station building, a fairly good sized motor bus was waiting which was to take passengers eastwards into the interior. We boarded this bus. It was then that my friend informed me that we had to pass a good many spots which had been made very notable by rebel activities in the outbreak of 1921. As we proceeded along the road I saw on one side a little below us, the famous Mumbrum Mosque where the notorious Ali Musaliyar often delivered his fiery orations to huge congregations of fanatical Moplahs. The road here is on a high level and in the low ground on either side of it is a profusion of vegetation. On the northern side it slopes away into the banks of a neighbouring stream. It is upon this narrow strip of land between the road and the river, among the gently waving cocoanut trees and slender giddy arecanut trees, the fruitful orchards of plantains and deep pasture lands, that the famous Mosque is situated. It looks very ancient and picturesque. Nobody passing the place now and seeing its present peace and prosperity can guess the terrible plots hatched and frightful deeds done up there only a decade ago. The inhabitants of the place follow their daily avocations in the usual sluggish manner of rustics as if nothing strange had ever happened there to ruffle the calm and steady course of their lives from the very beginning of time. The petty traders and tea-shop keepers stood in front of their stalls leaning on the door-posts and gazing indifferently at us as our bus passed. Now and then men of the Special Police stationed near by, got in and out of the bus. Only the sight of these men reminded me of the grim past.

Our bus stopped at the side of a small but deep river. There was no bridge and we had to wade across the water which at that time of the year was only knee-deep and ran very brisk and clear. We were told by people about here that the waters of the rippling stream ran in violent currents of a dusky reddish colour during that rainy season of 1921, discoloured with blood!

We waded across. After climbing up the steep bank opposite we had to walk across very rocky uneven country scattered with thickets for a distance of about four miles. My friend's ancestral home was situated on the slope of a hill. On our way my friend pointed out to me an old banyan tree on the summit of a mound where the rebels had stationed an outpost while the main body camped at his house. The place commands a good all-round view of the whole valley while above it at a distance of four or five miles loomed a blue range of high mountains, the Panthaloor hills, the eternal guardians of the fertile soil of Ernad.

We reached the house, quite a modern building built by the side of the ancestral house; during the time of trouble the rebels had entered the ancient mansion and used it as their temporary camp.

Many murders and other outrages had been committed there, and when the military arrived to punish the miscreants and clear the country, there had been a pitched battle right in front of the house. Dreadful deeds of death and destruction had been enacted about the place for many days. The old walls bear marks of violence to this day ; grimy with smoke, pitted with bullets, portions scraped away with Lewis-gun fire. When the obnoxious elements of rebellion were quite exter minated and peace and order restored to this part of the country, my friend's mother who was rather old-fashioned and superstitious in such matters objected to living in the old house any more. So they had built a new one close to it. We rested there for some time discussing these matters.

In the afternoon, soon after tea we set out to see some of the places of interest my friend had mentioned. There was a small mound at a furlong's distance from the house where all the corpses of the Moplahs killed in the fight had been buried. My friend explained to me that there had been a deep stone quarry in the place before the Rebellion. More than a hundred human bodies had been thrown in there in a mouldering heap. My friend took me to a place about a couple of miles away where there was a very large enclosure. The surrounding walls were very high and substantially built. Inside, it was dotted with a few grainte slabs scattered here and there. It was quite certain from its appearance that it once contained a good-sized Hindu temple. The spot where the well was, is now covered with granite slabs. My friend told me that there were more wells inside that enclosure. He could not tell me much more about the strange history of the place. However he definitely assured me that the demolition of the temple was not the work of the last Rebellion. We had a magnificient view of the sea some miles away, from the top of the old wall.

After walking over the place and exerting our minds in vague guesses over its history we re-traced our steps homeward. When we neared the house my companion guided me into the shrine of his ancestral deity. The temple at present lies in a neglected state. The idol had been torn from its pedestal and taken away by the rebels and the picturesque temple well had been polluted. It is the story of how this came about that impressed me most.

There was a faithful old watchman at this place whom people commonly thought a little "cracked". This man refused to move from the place when all the other inmates of the house went away to remote towns dreading attacks from the rebels. Alone he here followed his daily routine and guarded the shrine and the house. Suddenly one day a huge wave of rebels swept into those parts and a horde of filthy blood-smeared fanatics poured into the courtyard of this ancient mansion. The poor brave old fellow ran about remonstrating. But what was one more life to the desperate blood-thirsty mob? With jeers and taunts and blows they took him captive and dragged him from the temple which he loved so much. They made him stand at the edge of the well ; he stood there loudly repeating the holy name of the goddess and was so murdered ;—a single stroke severing his head from his body.

This story deeply affected me. This ignorant fellow had the courage and loyalty to sacrifice his head at the altar of his faith. Cracked! How many sane men in full possession of their wits will be prepared to do as he did? I sighed over the fate of the poor old man and very much regretted that the Divine Hand of the object of his devotions was not exerted to save his faithful soul. I thought over it till late in the night, and when sleep closed my eye-lids I dreamt of the poor half-demented creature.

# *The Mohurrum Festival.*

S. SUBRAMANIAN, VI FORM B.

The grandest festival of the Muslims is the Mohurrum. It is celebrated annually and lasts for thirteen days.

On the death of Mohammed disputes arose as to who should succeed him. The Prophet had no living sons. His only daughter Fatima had been married to one Ali. They had two sons Hussan and Hossain. Ali said he would succeed to the throne but the congregation gathered at the mosque and chose the Prophet's father-in-law as Caliph i.e. the successor. Then succeeded Omar and Othman and on the latter's death Ali became Caliph. These four Caliphs reigned in Medina. In 660 A. D. the Caliphate was shifted to Damascus. Ali was assasinated, and his son Hussan was poisoned. But Hossain was able to live a score of years more. The then Caliph was Muavia. His son Yezid came with his army and surrounded Hossain. In the fight which then took place on the plains of Kerbala beside the Euphrates, Hossain was slain. The Mohurrum celebrates the anniversary of the death of Hossain the grandson of the Prophet.

For some days preceding the festival an "*Ashurkhana*" (which literally means a ten-day-house) is prepared. As soon as the new moon is seen, people gather in the various *Ashurkhanas* and offer a *faitha* over some sherbet. They offer this in the name of Hossain; for, when Hossian was lying covered with wounds, he felt thirsty, but the enemy prevented him from getting even a single drop of water to quench his thirst. After the offer, the sherbet is given to the poor. A mark is also made where the holy fire is to be lighted. On every night throughout the festival the holy fire is lighted; and all people both old and young fence across the fire with swords and poles. The spot is brilliantly illuminated by a number of lamps. On one side of the holy fire are *taziahs*, which are structures of bamboo covered with paper and well decorated with tinsel. These *taziahs* are intended to represent the mausoleum or tomb erected over the remains of Hossain on the plains pf Kerbala. Much money is invested over these structures, which when illuminated have a magnificent appearance.

In the rear of the *taziahs* are placed things supposed to have been used by Hossain at Kerbala, viz., a turban of gold. a sword, a shield, a bow and an arrow, The standards commonly made of brass and copper are placed against the walls. The usual standard is a palm of the hand resting on a pole, which probably represent the five members of the Prophet's family. In the centre of the *Ashurkhana* is a dais, where a band of persons chant the *Marsia*. This *Marsia* is an elegiac poem in honour of the martyred Hossain. This chant provokes an emotion among the audience. At each pause the hearers beat their breasts crying "Hossain! Hossain!"; and their grief expresses itself in groans and tears. This beating is sometimes so severe as to produce haemorrhage.

During day time pious Mussalmans recite the Koran. On the eve of the tenth day all the *taziahs* and standards are taken in procession. The processionists carry a spear surmounted with a lime to represent Yezids having caused Hossain's body to be paraded in the streets. A horse-shoe also is carried as a remembrance of Hossain's swift steed. The long procession is a scene of great confusion. On the next day the *taziahs* are taken to an open

space near water. After taking off the ornaments they are cast into the water. The plain near water represents Kerbalas beside the Euprhates.

On the evening of the twelfth day pious Muslims sit up all night reading the Koran and reciting the Marsias and other verses in praise of Hossain. On the thirteenth day some food is prepared and distributed to the poor. This is the last day of the Mohurrum which commemorates the tragic end of Hossain.

## THE SLEEPY POSTMAN.

Here is the story of a sleepy postman. He was one of those who had to be on duty at 4 A. M., but he was always late, and was finally threatened with dismissal. Two powerful alarm clocks set to go off simultaneously were not enough to rouse him, and several times he went to sleep while putting his shoes on. He then tried a method which at last proved effective, and it was this. An alarm clock was fixed near his bed in such a way that its vibration would tip a jug of cold water over his head at 3-30 A. M., every day. As a result, he became a model of punctuality. Will some of our students try this method?

# ശ്രീകൃഷ്ണാഷ്ടകം.

1. പാലാഴിയിൽപ്പള്ളികൊള്ളും
ലീലാകല്പിത വിഗ്രഹൻ
പീലിക്കണ്ണണിചാർത്തുന്ന
നീലക്കാർവർണ്ണനാശ്രയം.

2. മന്നിൽദ്ദാവാഗ്നിയെത്തിന്നും,
കുന്നിനെക്കുടയാക്കിയും
കന്നിനെക്കാത്തുരക്ഷിച്ച
കന്നൽക്കാർവർണ്ണനേഗതി.

3. കാളിന്ദിയിൽക്കളിക്കുന്ന
കാളിയൻെറ ഫണങ്ങളിൽ
കേളിയാടുന്ന കണ്ണൻെറ
കോലമാലംബമെന്നുമേ.

4. മത്തേഭമസ്തകത്തിങ്കൽ
ത്തത്തും കേസരിയെന്നപോൽ
പൂതനാമാറിടത്തിങ്കൽ
പൂകിപ്പുഞ്ചിരിപൂണ്ടവൻ,

5. പാർത്ഥൻെറ സൂതനായ് ഘോര-
യുദ്ധഭൂമദ്ധ്യവീഥിയിൽ
ചീർത്താർത്തിതീർത്തുയർത്താനാ-
യോർത്തുസൽഗീത തീർത്തവൻ,

6. കായാമ്പൂവർണ്ണമാണ്ടുള്ള
മായാമാനുഷവിഗ്രഹൻ,
വൃന്ദാവനപരൻ, ധേനു-
വൃന്ദാവനപരായണൻ,

7. ശംഖചക്രഗദാരമ്യ-
പങ്കജങ്ങളണിഞ്ഞവൻ,
പങ്കജാക്ഷൻ, പരൻപാപ-
പങ്കമെല്ലാമകററണം.

8. കളങ്കമില്ലാതെന്നെന്നും
വിളങ്ങുന്നതദാനനം
പുഞ്ചിരിപ്പൂനിലാവാലെ-
ന്നുള്ളംശീതളമാക്കണം.

കെ. സി. കുട്ടുണ്ണിരാജാ,
പഴയവിദ്യാർത്ഥി.

# പൂൎവ്വജന്മസ്മരണ.

(ഗാഥ)

(1) കണ്ണനന്നോമനയുണ്ണിയാണെല്ലാൎക്കും
വെണ്ണകട്ടുണ്ണുന്നോനെന്നാകിലും;

(2) ചാഞ്ചാടിക്കാണുന്നോൎക്കാനന്ദമേകിടും
ചെഞ്ചാരുപാദങ്ങൾകൊണ്ടുമണ്ടി,

(3) ഉണ്ണികൾമട്ടിൽകഥകളെകേൾപ്പാനായ്
തിണ്ണം തന്നമ്മതൻചാരത്തെത്ത്;

(4) "അമ്മെചൊല്ലെന്നോടുനൽകഥയൊന്നു
ചെമ്മെഞാൻ ശ്രദ്ധിച്ചു കേട്ടുകൊള്ളാം."

(5) തന്നുണ്ണിചൊൽവതു കേട്ടുയശോദയു-
"മെന്നുണ്ണിക്കേതുകഥയാണിഷ്ടം?"

(6) "രാവണൻ തൻരിപുവാകിയരാമൻതൻ
പാവനമാംകഥ കേൾക്കവേണം"

(7) ത്രൈലോക്യരക്ഷകനുണ്ണിയായിത്തരം
ത്രൈലോക്യനാഥൻ തൻ ജീവിതത്തെ

(8) കേൾക്കുവാനാശിച്ചുവണ്ണംയശോദതാ-
നോതിത്തുടങ്ങിനാൾ 'രാമവൃത്തം'.

(9) പണ്ടുദശരഥനെന്നുള്ളഭൂപതി-
ക്കുണ്ടായിരാമകുമാരനേകൻ

(10) കാമിനീമൗലിയാം സീതയെന്നുള്ളോരു
ഭാമിനിതന്നെയും വേട്ടുരാമൻ.

(11) താതൻെറവാക്കിനാൽ രാജ്യവും കൈവിട്ടു
സീതയുമൊത്തുടൻ കാടുപുക്കാൻ.

(12) കാട്ടിൽവസിക്കുന്ന കാലത്തുരാവണൻ
കട്ടുകൊണ്ടോടിനാൻ ജാനകിയെ.

(13) തൽക്ഷണം കോപത്താൽ കണ്ണനാമുണ്ണിയും
"ലക്ഷ്മണാ വില്ല വില്ലെ"ന്നു ചൊന്നാൻ.

(14) തൻപുത്രൻചൊന്നതു കേട്ടയശോദതാ-
നമ്പിൽതൻപുത്രമുഖത്തെനോക്കി

(15) ആയതിൽക്കാണായ ഭാവഭേദംമൂല-
മായതനേത്രയാൾ ഭീതയായി.

(16) പെട്ടെന്നു പുഞ്ചിരി തൂകിക്കൊണ്ടമ്മയെ
ക്കെട്ടിപ്പിടിച്ചവൻ കാത്തിടട്ടെ.

ടി. എം. ബി. എൻ,
സീനിയർ വിദ്യാർത്ഥി.

# മനുഷ്യപ്രയത്നം.

സി. കൃഷ്ണമേനോൻ, സീനിയർ വിദ്യാൎത്ഥി.

"വിധി"ക്കൊ "മനുഷ്യപ്രയത്ന"ത്തിന്നൊ യഥാൎത്ഥത്തിൽ അധികം പ്രാധാന്യംകല്പിക്കേണ്ടതു് എന്നുള്ള വാദപ്രതിവാദവിഷയം തൎക്കൈക്കശബുദ്ധികളായ പണ്ഡിതന്മാരെപ്പോലും അമ്പരപ്പിച്ചിട്ടുള്ള ഒരു വിഷയമാണ്. അഭിപ്രായവ്യത്യാസം പ്രായേണ ഏതൊരു കാൎയ്യത്തിലും കണ്ടുവരുന്നതു് സാധാരണമാണ്. അല്പബുദ്ധിയായ എന്റെ അഭിപ്രായം "മനുഷ്യപ്രയത്ന"ത്തിന്നാണ് "വിധി"യെക്കാൾ പ്രാധാന്യം എന്നാകുന്നു.

"വിധി"യെന്നാൽ എന്താണെന്നു ആദ്യമായി പൎയ്യാലോചിക്കാം. ഈ രണ്ടക്ഷരം നാം പല അവസരങ്ങളിലും പലരിൽനിന്നും കേട്ടുവരുന്നുണ്ട്. പരീക്ഷയിൽ പാരജിതനായ ഒരു വിദ്യാൎത്ഥി ഇങ്ങിനെ പറയുന്നുവെന്നു വിചാരിക്കാം. "ഞാൻ ഇക്കൊല്ലം നല്ലവണ്ണം പഠിച്ചിരുന്നുവെങ്കിലും പരീക്ഷയിൽ വിജയിയായില്ല; ഇതു ദൈവവിധിതന്നെയാണ്." ഇങ്ങിനെയുള്ള ചില സന്ദൎഭങ്ങളിലാണ് "വിധി"യെപ്പററി നാം കേൾക്കുന്നതു്. ഈ വിദ്യാൎത്ഥി എത്ര ബുദ്ധിമാനാണ്? പരീക്ഷയിൽ പരാജിതനാവാനുള്ള കാരണം താൻ പഠിക്കാത്തതുകൊണ്ടല്ലെന്നും, പ്രത്യുത അതു് "വിധി"യുടെ വിപരീതഫലത്താലാണെന്നുമല്ലെ ഈ വിദ്യാൎത്ഥിസഹോദരന്റെ കണ്ടുപിടിത്തം? ജയിക്കുവാൻ വേണ്ടത്ര ജ്ഞാനം സമ്പാദിക്കാത്തതുകൊണ്ടാണ് പരാജിതനായതു് എന്നു സമ്മതിക്കുവാൻ സ്വാഭിമാനം ആയാളെ അനുവദിക്കുന്നില്ല. അതിനാൽ "വിധി"യെ പഴിച്ചു് ആ വിദ്യാൎത്ഥി കൃതകൃത്യനാകുവാൻ ശ്രമിക്കുന്നു!

ഇത്രയും പറഞ്ഞതുകൊണ്ട് "വിധി"യിൽ വിശ്വസിക്കുന്നവർ പ്രയത്നം നിഷ്ഫലമായി കണ്ടാൽ "വിധി"യെ ആക്ഷേപിക്കുന്നുവെന്നു് വ്യക്തമായല്ലോ. എന്നാൽ പ്രയത്നം സഫലമായിത്തീൎന്നാൽ അതിന്നു കാരണം "'വിധി'യാണ് "സ്വപ്രയത്നമല്ല" എന്നു് സമ്മതിക്കുന്നവരായി ആരെങ്കിലും ഉണ്ടാകുമെന്നു് തോന്നുന്നില്ല. അതിനാൽ 'വിധി'യിലുള്ള വിശ്വാസം ഉദാസീനതയുടെ ലക്ഷണമാണെന്നല്ലേ ആലോചിക്കേണ്ടതു്? ഉത്സാഹശീലന്മാർ പ്രയത്നത്തെ നിഷ്ഫലമാക്കിത്തീൎക്കുന്ന സംഗതികളെ മുൻകൂട്ടി ആരാഞ്ഞറിയുകയും, അതിന്നുള്ള പരിഹാരമാൎഗ്ഗങ്ങൾ അപ്പപ്പോൾ ചെയ്തുവരികയും, ചെയ്യുന്നു. തൻമൂലം അവൎക്കു് ഒരിക്കലും

'വിധി'യെ ആശ്രയിക്കേണ്ടിവരുന്നില്ല. തൻെറ പ്രാപ്തിയില്ലായ്മയെ നിർല്ലജ്ജം സമ്മതിക്കുവാൻ മടിച്ച് ഇത്തരം ഒഴികഴിവുകൾ പറയുന്നതല്ലാതെ മതിമാന്മാരായിട്ടുള്ളവരാരും 'വിധി'യിൽ വിശ്വസിക്കുന്നതല്ലെന്ന് ഇതിനാൽ തെളിഞ്ഞുവല്ലോ.

ഇനി നമുക്ക് 'മനുഷ്യപ്രയത്ന'ത്തെപ്പററി വിചിന്തനം ചെയ്യാം. വിശേഷബുദ്ധിയാൽ അനുഗ്രഹീതരായ മനുഷ്യസമുദായം ലോകാരംഭം മുതല്ക്കുതന്നെ വിധിയെ അവഗണിച്ചും, പ്രവൃത്തിയിൽ വിശ്വസിച്ചും വന്നിരുന്നവരാണെന്ന് ഏവൎക്കും അറിയാമല്ലോ. നാം കൃഷിചെയ്യുന്നു; ഉദ്യോഗം ഭരിക്കുന്നു; കച്ചവടം തുടങ്ങുന്നു; സുഖവാസസ്ഥലങ്ങൾ നിൎമ്മിക്കുന്നു; മധുരപദാൎത്ഥങ്ങളെ തേടുന്നു; ഗതാഗതസൗകൎയ്യങ്ങളെ വൎദ്ധിപ്പിക്കുവാൻ തീവണ്ടി, തീക്കപ്പൽ, ആകാശവിമാനം മുതലായ വാഹനങ്ങളേ നിൎമ്മിക്കുന്നു; രോഗികളെ ചികിത്സിപ്പിക്കുന്നു; രോഗപീഡിതരാവാതെയിരിപ്പാൻ വേണ്ട മുൻകരുതലുകൾ ചെയ്യുന്നു. "എല്ലാം 'വിധി' പോലെവരും" എന്നു വിശ്വസിക്കുന്നതായാൽ മേല്പറഞ്ഞ വിധമെല്ലാം ചെയ്യുന്നതെന്തുദ്ദേശത്താലാണ്? മനുഷ്യപ്രയത്നം ബുദ്ധിപൂൎവ്വമായാൽ സഫലമായിത്തീരും എന്നുള്ള വിശ്വാസം ജനതതിക്കില്ലായിരുന്നുവെങ്കിൽ ഈ ലോകം നാം ഇന്നു കാണുന്ന അവസ്ഥയിൽ ഒരിക്കലും ആയിത്തീരുന്നതല്ലായിരുന്നു. ഇത്രയും പറഞ്ഞതുകൊണ്ട് വിപരീതാഭിപ്രായക്കാർ ഉണ്ടെങ്കിലും, ഭൂരിപക്ഷം ജനങ്ങളും മനുഷ്യപ്രയത്നത്തിൽ വിശ്വസിക്കുന്നവരാണെന്ന് തീൎച്ചയായല്ലോ.

ഇതിന്നു വിപരീതമായി "വിധി"യിൽ വിശ്വസിച്ച് പ്രയത്നവിമുഖന്മാരായി കാലക്ഷേപം ചെയ്താലുണ്ടാവാവുന്ന സ്ഥിതികളെപ്പററി അല്പമൊന്നാലോചിക്കുക. ഭക്ഷണം വിധിച്ചിട്ടുണ്ടെങ്കിൽ വിശപ്പുമാററാം എന്നു വിശ്വസിച്ചിരുന്നാൽ വിശന്നിരിക്കുകതന്നെയേ ഉണ്ടാവുകയുള്ളൂ. ഭക്ഷണം ലഭിക്കേണമെങ്കിൽ മനുഷ്യപ്രയത്നം അവശ്യം ആവശ്യമല്ലേ? ആവശ്യമാണെങ്കിൽ നാം മനുഷ്യപ്രയത്നത്തിൻെറ പ്രാധാന്യത്തെ എങ്ങിനെ അവഗണിക്കും? സൂക്ഷ്മം ആലോചിച്ചു നോക്കിയാൽ "മനുഷ്യപ്രയത്നം" കാരണവും, "വിധി" അതിൻെറ കാൎയ്യവുമാണെന്നറിയുന്നതാണ്. അതിനാൽ "വിധി" എന്തുകൊണ്ടും "മനുഷ്യപ്രയത്ന"ത്തെ ആശ്രയിച്ചിട്ടാണിരിക്കുന്നത്. സൽപ്രവൃത്തികൾ ചെയ്യുന്നവന്ന് "വിധി" അനുകൂലമായും, ദുഷ്പ്രവൃത്തികൾ ചെയ്യുന്നവന്ന്, "വിധി"പ്രതികൂലമായും തീരുന്നുവെന്നാണല്ലോ ഹിന്തുമതസിദ്ധാന്തം. അതുകൊണ്ട് "വിധി"യെ രൂപീകരിക്കുന്നതുതന്നെ "മനുഷ്യപ്രയത്ന"മാണ്. കൎമ്മഫലത്തിൻെറ പിന്നാലെ വരുന്നതത്രെ "വിധി." കൎമ്മം നമ്മുടെ പ്രവൃത്തികളുമാണ്. ഇങ്ങിനെ ആലോചിച്ചാൽ "മനുഷ്യപ്രയത്നം"കൊണ്ട് മാററുവാൻ കഴിയാത്ത വല്ല "വിധി" യുമുണ്ടോ?

പുരാണേതിഹാസങ്ങൾകൂടി ഇതിന്നു സാക്ഷ്യം വഹിക്കുന്നുണ്ട്. "വിധി"ജനി

കുമ്പോൾതന്നെ മാർക്കണ്ഡന്ന് പതിനാറ് വയസ്സുകാലമേ ആയുസ്സുള്ളവെന്ന് വിധിച്ചിട്ടുണ്ടായിരുന്നുവല്ലോ. എന്നാൽ "വിധി"യെനിസ്സാരമായിക്കരുതിയ ആ ഉത്സാഹശീലന്ന്, ഈ തീപ്പ് എന്നും പതിനാറ് എന്നാക്കിത്തീൎക്കുവാൻ സാധിച്ചതായ പുരാണപ്രസിദ്ധമായ കഥ പുനരാവൎത്തിക്കേണമെന്ന് ഞാൻ വിചാരിക്കുന്നില്ല. ഇതിന്നു സാധിച്ചത് "മനുഷ്യപ്രയത്നം"കൊണ്ടല്ലാതെ മററെന്തുകൊണ്ടാണ്? മുക്കുവത്തിയിൽ ജനിച്ച പരാശരമഹൎഷി "വിധി"യിൽ വിശ്വസിച്ചിരുന്നുവെങ്കിൽ അദ്ദേഹത്തിന്ന് വേദവ്യാസരായിത്തീരുവാൻ സാധിക്കുമായിരുന്നുവോ? മനുഷ്യപ്രയത്നമൊന്നല്ലാതെ എന്തൊന്നാണ് സാധുകുടുംബത്തിൽ ജനിച്ചുവളൎന്ന മിസ്റ്റർ മഗ്ഡോനാൾഡിന്ന് പ്രധാനമന്ത്രിപദം അലങ്കരിക്കുവാൻ സാദ്ധ്യമാക്കിയത്? ഈ സ്ഥിതിക്ക് മനുഷ്യൻ മടിവിട്ട് പ്രയത്നിക്കുന്നതായാൽ ഏത് "വിധി"യും അവന്നനുകൂലമാക്കാമെന്ന് സധൈൎയ്യം പ്രസ്താവിച്ചുകൊള്ളുന്നു.

സൃഷ്ടികൎത്താവിന്റെ ഉദ്ദേശ്യം തന്നെ നാം എല്ലാം വിധിയാണെന്നു കരുതി അടങ്ങി ഒതുങ്ങിയിരിക്കാതെ, പ്രയത്നശീലന്മാരായി കാലക്ഷേപം ചെയ്യേണമെന്നാകുന്നു. കാൎയ്യകാരണങ്ങളെ തിരിച്ചറിവാനുള്ള വിശേഷബുദ്ധിയും, പ്രകൃതിയിൽനിന്ന് അറിവ് സമ്പാദിപ്പാനായി പഞ്ചേന്ദ്രിയങ്ങളും സഞ്ചാരസൗകൎയ്യത്തിന്നായി കാലുകളും, അദ്ധ്വാനിക്കുവാൻ ആയതഭുജങ്ങളും തന്നിട്ടുള്ളത് "എല്ലാം യോഗം" എന്നു മാത്രം ജപിച്ചുകൊണ്ടിരിപ്പാനാണോ? ഒരിക്കലുമല്ല. ദൈവം തന്ന ഉപകരണങ്ങളെ നാം യഥേഷ്ടം ഉപയോഗിക്കണം. എന്നാൽ നിശ്ചയമായും ഉന്നതിപ്രാപിക്കാം. അതിന്നൊരുക്കമില്ലാതെ അലസന്മാരായി കാലം കഴിച്ചാൽ ദുൎഗ്ഗതി പ്രാപിക്കാതേയും തരമില്ല. ഇതിന്ന് ദൈവത്തേയോ, വിധിയേയോ, പഴിച്ചിട്ട് യാതൊരു ഫലവുമില്ല. ഈ തത്വങ്ങൾ അറിഞ്ഞ് പ്രവൎത്തിച്ച് വിഖ്യാതന്മാരായിത്തീൎന്നിട്ടുള്ള മഹാന്മാരുടെ ജീവിത ചരിത്രങ്ങൾ നമുക്ക് വഴികാണിച്ചു തരട്ടെ! "ഉന്നതിക്കായി ക്കൊണ്ടു പ്രയത്നം ചെയ്യ്തീടേണം" എന്നും, "ഉദ്യമംകൊണ്ടു സിദ്ധിക്കും വിദ്യാമാനധനാദികൾ, ഉറങ്ങും സിംഹവക്ത്രത്തിലിറങ്ങുന്നില്ലവാരണം" എന്നും ഉള്ള ആപ്തവാക്യങ്ങൾ ഓരോരുത്തരുടേയും ഹൃദയത്തിൽ ശിലാലിഖിതംപോലെ പതിയട്ടെ! ഭൂജാതരായ നമുക്കാൎക്കും തന്നെ ജീവിതായോധനത്തിൽ പങ്കെടുക്കാതെ കഴികയില്ല; എല്ലാവരുടേയും ശക്തി ആ പോക്കളത്തിൽ പരീക്ഷിക്കാതിരിക്കയില്ല. ഒഴിഞ്ഞു മാറുവാൻ ആരും നോക്കേണ്ട. എന്നാൽ പിന്നെ വിജയം നേടുവാൻ വേണ്ടുകെൽപ്പും കോപ്പും സമ്പാദിക്കുകയല്ലേ ഉത്തമം? അതുകൊണ്ട്.

"എത്തേണ്ടതായിടത്തെത്തിയാലും ശരി,
മദ്ധ്യേമരണം വിഴുങ്ങിയാലും ശരി,
മുന്നോട്ടുതന്നെ നടക്കും വഴിയിലെ
മുള്ളുകളൊക്കെച്ചവിട്ടിമെതിച്ചു ഞാൻ"

എന്ന ആദൎശം ഓരോരുത്തരും മുൻനിൎത്തി, ജീവിതായോധനത്തിന്ന് അരയും

തലയും മറക്കി, കച്ചയും, കുലുസ്സും കെട്ടി സധൈര്യം ഇറങ്ങുവിൻ! എന്നാൽ നിങ്ങൾക്ക് നിശ്ചയമായും വിജയം നേടാം. തന്നെത്താൻ സഹായിക്കുന്നവരെ മാത്രമെ ദൈവം സഹായിക്കുകയുള്ളൂ. (God helps those who help themselves)

"പരിശ്രമം ചെയ്യുകിലെന്തിനേയും
കരത്തിലാക്കാൻ കഴിവുള്ളവണ്ണം
ദീർഘങ്ങളാം കൈകളെ നല്കിയത്രേ
മനുഷ്യനെപ്പാരിലയച്ചതീശൻ."

പൗരുഷോചിതമായ ഈ മനഃസ്ഥിതിയും അതിന്നനുസരിച്ച് പ്രവർത്തിപ്പാനുള്ള കരൾക്കരുത്തും, മെയ്യിടുക്കം എല്ലാവർക്കും ഉണ്ടായിക്കാണ്മാനായി സർവ്വജഗന്നിയന്താവിനോട് സർവ്വാത്മനാ പ്രാർത്ഥിച്ചുംകൊണ്ട് എന്റെ ഈ ഉപന്യാസത്തെ ഉപസംഹരിച്ചുകൊള്ളുന്നു.

# Too Late!

BY

C. P. K. Tharagan, B. A. (Hons.)

"The Shepherd in Virgil grew at last acquainted with Love, and found him a native of the rocks"—Johnson.

I

That night, as he watched sleeplessly at his window the stars and flying clouds of midnight, Menon said to himself "It is perfectly ridiculous to keep awake over such a wretched problem. It is quite simple. I will just take this girl away from her inhuman guardians and give her the freedom to live and learn : chuck this miserable slave's—work and try to earn a living elsewhere. Life is more than a livelihood. Damn prudence and respectability !" You see, he was a tutor and general factotum in an exalted Nambudri family. With this heroic resolution came a momentary sense of superiority to his difficulties and the inclination to sleep. He turned down the lamp, leaped into his warm bed and slept like a prince in a fairy tale.

II

In the dim-lighted, vast, recesses of the Nambudiri zenana the figure of a slim, white, maiden, timid and nervous and perpetually pensive, flitted restlessly, with a craving at her heart for light. She came to her nurse unobserved and hugged her, an untouchable, wheedled and coaxed her with tears in her eyes and threatened to die in her arms, should a reply to a certain letter be still delayed. Kummini sighed and trembled. Occasionally they sobbed in unison. Why was Theyi bilked of her reply ? An unfavourable verdict from her wonderful hero she could understand and forgive, but absolute indifference—

III

Man is made up of strange contradictions. Of course the sentiment is not original but truth sometimes springs upon you with such breath-bereaving suddenness that you are compelled to take refuge even in a truism.

Menon talked of chucking the slave's work when the "sack" loomed on the horizon. He felt like a hero and would have acted like one. But then came morning and a visit from his employer, and a statement of the case from *his* point of view. Punctuated with his tumultous laughter. (which was an almost physical infirmity with the great man) it amounted to this; "Theyi with this unheard of craze for English learning, has frightened us all out of our wits. One would think she is already an English 'Madam' waiting for a Burra Sahib to take her in a ship with him to England ! Besides the girl is old enough to get married. If people come to know she is educated and modern and all that, she would n't have the ghost of a chance of getting into a decent family. There is still a great deal of prejudice against modernity among us, Menon, and I am really an exception". He laug hed at the beginning, in the middle, and at end of the speech, but it was a really sensible one from his point of view. There was nothing in it about the 'sack' or a certain "meddler." Menon understood that it was meant to be an *amende honorable*, a concilatory move, as well as an explanation.

Thus was he tempted to relinquish the heroic alternative and make peace with the commonplace. He felt himself in honour bound not to encourage the girl.

But to write a cut and dry reply in the negative was beyond him. Besides, in his present mood there was something sneaking and ignoble in the very idea of a clandestine correspondance with the inmate of a zenana.

Thus it came about that when Kummini looked at him in mute significant appeal day after day, he averted his eyes and she went away with a heavy heart.

IV

It was another, a wet and muddy, afternoon. The sky seemed to breathe like an infinitely weary person—weary of raining. There was just enough sunshine to light up the tears.

Menon felt disinclined to go for a walk. Out there, among the hills, scenting the clean wet grass, he had felt like a cad yesterday, when twilight was falling. "Imagination makes cowards of us all," he said. But he couldn't brave it, all the same.

"There is a grand lot of timber floating down the river. It is a fine sight with men on them, cooking and eating," the lad he was teaching suggested eagerly.

"I hate a river in flood ; it is so muddy," replied the sophisticated tutor half-heartedly. Young Damodaran wondered, open-eyed. Then he asked permission to go and raced off in high spirits to view the flotilla on the flood.

From across the courtyard of the western wing of the zenana, there broke out all on a sudden, a song. It was one of those Cabulli women who had strayed into those parts, alone and at an unfavourable season of the year, singing in her loud ringing voice the hackneyed Hindustani song :—

"*Hamàrà dès Hindustan hai,*" etc.

The song, by distance rendered more sweet, fitted Menon's mood. It was plaintive, mysterious, "memorative" of vague unfulfilled desires, and conjured up

"Old unhappy far off things
And battles long ago."

There came floating triumphantly on the wings of her song, visions of the Ganges, now in flood, now smiling in the summer sun, the hoary Himalayas, the cities palaces and peoples of the north, the magnificent relics and ruins of heroes and statesmen of bygone ages, and from an earlier time, the footprints of the Gods when they walked the earth.

The song ended, the charm was broken, and the tutor realised once again the bitter bondage of the actual and the present. "Romance is knocking at my door. I have only got to open it and let her in, but I dare not".

He thought of the song repeatedly. "It froths and bubbles with romance," he said, "Or is it merely my fancy ?"

V

Away, in front, lay a scrap of sky, pearl grey in colour, lighted up by a few pale stars and a half-moon somewhere to the right on the point of setting. The hills and trees visible for miles around lay muffled up in a sort of 'dim religious light'; and the water in a muddy pool here and there mounted a dull glow, and a sodden leaf sticking in the mud gleamed like an eye full of tears whenever the lightning in the southern sky flashed a signal.

There was no sound but emphasised the silence of the night. The cricket in its dry shelter screeched ceaselessly, and the chorus of frogs in distant pools seemed to be singing to the accompaniment of the roaring flood across the fields. From the cow-shed nearer, now and then the 'thud' 'thud' of a sleepy horn striking against the wooden palings sounded almost human in its homeliness.

The young man sat for a long while in his room, looking out into the night, and lost in thought. A small light burned in his bedroom behind, casting a rectangular patch of light on the floor outside. To the right was the landing and the staircase leading down to the verandah below. Opposite to him, across a broad courtyard were the family sleeping quarters. At one window there, a light came and went fitfully ; Menon was acutely aware it

was *her* window. He watched it for some time in alternate sympathy and exasperation ; saw it die out finally, and fell back into the deepest dejection.

Suddenly he was roused from his reverie by the soft footfall cautiously coming up the stair case. He jumped out of the chair and dived into the open bed-room to fetch a light. Holding up the small bed-room lamp in his left hand and shading his eyes with the right, he came out and peered at the other end from where the sound of footsteps approaching was now more distinctly audible.

"Who's there ?" he called out.

No reply. Presently in what seemed an age but was really a very brief while, the intruder's face and figure appeared.

He was dumb-founded by the utterly inconceivable fact. It was a girl ! The next moment he was stunned by the still more startling realisation that it was *the* girl ! She looked pale and thin, with big eyes, a perfectly oval face and a mouth like a red rose bud. She was wrapped up in a coarse white sheet as if in cerements.

"I thought I would come myself," she said. Her voice, so to say, broke the spell, and he came back to a sense of his surroundings. He put the lamp down.

"You are incredibly plucky," were his first words, while he looked all his admiration.

"It was the song finally made me. I never had the courage before," she said, simply.

"The song ! Ah, Yes!"—He remembered, now. "It made me feel as if I could grow two wings and fly away somewhere ; and I said I would come and talk to you, come what might,"; then as an afterthought of timidity, she added "Kummini alone knows that I have stolen out. Everybody else is asleep"

"Still you run a fearful risk," he commented, all the conventional, the tame, the unchivalrous in him reasserting their sway.

The girl was perplexed and pained.

"Why didn't you reply my letter ?" she asked touchingly.

At that moment Menon felt a very young man indeed, and rather foolish. He gulped down a lump in his throat. 'Because I was a cad, because I was a cad," his heart kept beating, but lips refused to utter the words. He wavered. The girl looked at his firm clear cut features and sighed. "My word! there is Romance in her face" he thought, straying from the point.

Suddenly from the foot of the stair was heard a short dry cough. Some one began climbing up the stair case with quick firm steps very unlike *hers* when she had come up.

They looked at each other in consternation. He could just indicate the open bed room with a mute gesture. She disappeared noislessly into the room, now immersed in darkness. The light was still burning where he had placed it.

His heart jumped into his mouth when the new comer stood before him, glowering at him, as it seemed, with a sleepless eye and a forced smile It was her father, his boss ! "Sit down," he said, himself taking the nearest chair.

Menon forced himself to sit down.

"I felt unusually sleepless ; there is not a breath stirring over there," he motioned towards the family apartments. He continued looking out at the open sky filled with shadowy outlines and studded with many stars. The moon had set. Then I saw a light in this direction and thought you might be awake, too."

In the pause that ensued, Menon breathed one long free breath, and, approached the lamp and turned down the wick to flickering point, with a, "May I ?"

"Yes, that is better. We can talk in the dark. When I came to the foot of the stairs, I could have sworn I heard some one talking overhead," he turned upon the young man, as it appeared to the guilty conscience, suspiciously. For some moments his tongue clove to the

roof of his mouth.

"I was talking" he admitted. Something made a rustling sound from the direction of the open bed-room behind their backs.

"To whom?" came the query, in genuine surprise.

"To myself. It is a habit that I have."

The old gentleman burst out into one of his uprorious fits of laughter, but soon bridled up, to the infinite relief of his audience. There was something incongruous in the sound of it at midnight and in the dark.

"I should be afraid to live all alone in such a place at your age"; he pointed at the weird and solemn scene in front of them. "But then you have no enemies to be afraid of as we country squires have, —Is it when you are frightened that you talk to yourself?" he asked again like a child reluctant to let go a funny idea.

"Sir, I have nothing to be afraid of; the habit belongs to my calm moments," he answered with some heat.

"Ah, you are a lucky young man. Fear of enemies was always my nightmare. They are of two kinds, known and unknown. Don't think I am joking. There are actually people who envy me every bit of my happiness and gloat over my misfortunes". He sighed, and Menon called him a bore under his breath.

"It was only the other day that they tried to break off a certain marriage proposal for my daughter." Menon felt interested, in spite of his situation. "Whose marriage?" he wondered.

"At last it has been settled and the date has been fixed." he continued. "There will be a grand function here shortly. You might be slightly inconvenienced in your routine, but I hope you won't mind. It is only three or four days,"

"Oh no, it doesn't malter at all. I shall take leave and go home."

"What!", roared the sensitive old gentleman. "Do you want to insult me?" "I mean no offence," Menon said, humbly.

"You shall certainly go on leave after the function or before it. It is the first of its kind since your coming."

